(ബി) എല്ലാ താലൂക്ക് ആശുപത്രികളിലെങ്കിലും വിദഗ്ധ ഹൃദ്രോഗ ചികിത്സാ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഹെപ്പറ്റൈറ്റീസ് രോഗം തടയുന്നതിന് സർക്കാർ മേൽനോട്ടത്തിൽ പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിന് സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിച്ച് ഈ രംഗത്ത് നടന്നുവരുന്ന ചൂഷണം അവസാനിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഹൃദ്രോഗത്തിന് ആരോഗ്യപരമായ ശീലങ്ങൾ അനുവർത്തിക്കുക എന്നതല്ലാതെ മറ്റു പ്രതിരോധ മാർഗ്ഗങ്ങളൊന്നുമില്ല. ഹെപ്പറ്റൈറ്റീസ് എ, ബി എന്നീ രോഗങ്ങൾ തടയുന്നതിന് പൊതുവായി കുത്തിവയ്പ് നൽകുന്നില്ല. എന്നാൽ രോഗികളുമായി ഇടപഴകുന്ന ആരോഗ്യ പ്രവർത്തകർക്ക് കുത്തിവയ്പ് നൽകുന്നുണ്ട്.

(ബി) താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി തസ്തികകൾ നിലവിലില്ല. ലഭ്യതയ്ക്കനുസൃതമായി ഹൃദ്രോഗ വിദഗ്ദ്ധർ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കാൻ ശ്രദ്ധിക്കാറുണ്ട്.

(സി) ഇത്തരം ഒരു പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നകാര്യം ആലോചിച്ചുവരികയാണ്.

113 (739) പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് പുതുതായി എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാന സർക്കാർ നേരിട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആകെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് സ്ഥാപിക്കുന്നതെന്നറിയിക്കുമോ;

(ഡി) ഇവ എവിടെയൊക്കെയാണ് സ്ഥാപിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) വയനാട് ജില്ലയിൽ മീനങ്ങാടി പഞ്ചായത്തിലെ മൂന്നാനക്കുഴിയിൽ പുതുതായി ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഈ പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രം പുതിയതായി തുടങ്ങാൻ അനുമതി നൽകിയിട്ടില്ല.

(ബി) ഉണ്ട്.

(സി) രണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടത്തും കോട്ടയം ജില്ലയിൽ ആർപ്പൂക്കര പഞ്ചായത്തിലും.

(ഇ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്തിൽ അത് സ്ഥാപിക്കുക എന്നതാണ് സർക്കാർ നയം. മീനങ്ങാടി പഞ്ചായത്തിൽ 16 കിടക്കയും 5 ഡോക്ടർമാരും ഉള്ള സാമൂഹ്യാരോഗ്യ കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്.

114 (740) ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയുടെ അധികാരം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിക്ക് എന്തൊക്കെ അധികാരങ്ങളാണുള്ളത്;

(ബി) എച്ച്.ഡി.സി.യുടെ വരുമാനം അനുസരിച്ച് താൽക്കാലികമായി ജോലിക്കാരെ നിയമിക്കുവാനും എക്സ്റേ ഫിലിം പോലുള്ള അടിയന്തിര പ്രാധാന്യമുള്ള സാധനങ്ങൾ വാങ്ങാനും അധികാരമുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) എച്ച്.ഡി.സി.ക്ക് പുതിയ എന്തെങ്കിലും അധികാരം നൽകാൻ ഉദ്ദേശമുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട ഗവൺമെന്റ് സർക്കുലറിന്റേയും ഗവൺമെന്റ് ഉത്തരവിന്റേയും പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) അധികാരമുണ്ട്.

(സി) ഇക്കാര്യം തത്ക്കാലം പരിഗണനയിലില്ല.

115 (741) ആരോഗ്യവകുപ്പിലെ പുതിയ തസ്തികകൾ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ ഈ വർഷം എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളുടെ സൃഷ്ടിക്കൽമൂലം എത്ര കോടി രൂപയുടെ അധിക ബാദ്ധ്യത സർക്കാരിനുണ്ടാകുന്നുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) 1999-2000 സാമ്പത്തിക വർഷത്തിൽ പുതുക്കിയ ദേശീയ ക്ഷയരോഗ പരിപാടിയുടെ പുരോഗതിക്കുവേണ്ടി താഴെപ്പറയുന്ന 19 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly